**ഡോ. കെ. ടി. ജലീൽ**
**തദ്ദേശസ്വയംഭരണം, ന്യൂനപക്ഷക്ഷേമം**
**വഖഫ് & ഹജ്ജ് വകുപ്പുമന്ത്രി**
**കേരള സർക്കാർ**

തിരുവനന്തപുരം

തീയതി 08.02.2017

No. 129 /17 /M-LSGD

**പ്രിയപ്പെട്ട പ്രസിഡന്റ്,**

**വിഷയം - സമ്പൂർണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) സർവേ നടത്തുന്നത് സംബന്ധിച്ച്**

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും സുരക്ഷിതവും, മാന്യവുമായ പാർപ്പിടം ലഭ്യമാക്കുകയെന്നത് സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ പിന്തുണാ സംവിധാനം ഒരുക്കുന്നതിന് ലൈഫ് മിഷൻ രൂപീകരിച്ചിട്ടുള്ളത് താങ്കൾക്ക് അറിവുള്ളതാണല്ലോ. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുകയെന്നതാണ് ഈ പ്രവർത്തനത്തിന്റെ ആദ്യപടി. ഇതിനായി കുടുംബശ്രീ മുഖേന 2017 ഫെബ്രുവരി 18,19 തീയതികളിൽ ഒരു സർവ്വേ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. അർഹരായ എല്ലാവരും ലിസ്റ്റിൽ ഉൾപ്പെടുമെന്ന് ഉറപ്പുവരുത്തുന്നതിനായി ഈ വിവരം പഞ്ചായത്തിലെ എല്ലാ ജനപ്രതിനിധികളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. അതുപോലെ തന്നെ അനർഹരായവർ ലിസ്റ്റിൽ കടന്നുകൂടാതിരിക്കുവാൻ ആവശ്യമായ ജാഗ്രത പാലിക്കുവാനുള്ള നിർദ്ദേശം ജനപ്രതിനിധികൾക്കും സർവ്വേയർമാർക്കും നൽകേണ്ടതാണ്. ടി സർവ്വേക്ക് പഞ്ചായത്തിന്റെ എല്ലാവിധ പിന്തുണയും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഡോ. കെ.ടി. ജലീൽ**


**ഓഫീസ് : നാലാം നില, റൂം നമ്പർ 401, സെക്രട്ടേറിയറ്റ് അനക്സ്**
**തിരുവനന്തപുരം-695 001**
ഫോൺ ഓഫീസ് : 0471-2327895, 0471-2327796 വസതി : 0471-2720451, 0471-2723181
*'ഗംഗ', കന്റോൺമെന്റ് ഹൗസ് കോംപ്ലക്സ്*